പാഠം 5

# "എന്റെ അടുക്കൽ വരുവിൻ"

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: മത്തായി 11:20–30; 5:5; ആവർ. 18:15; ഗലാ. 5:1; പുറ. 18:13–22; ഗലാ. 6:2.**

**മനഃപാഠവാക്യം: "അദ്ധ്വാനിക്കുന്നവരും ഭാരംചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്തായി 11:28).**

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നത് യേശുവിൽനിന്ന് നമുക്കു ലഭിച്ചിരിക്കുന്ന എത്ര അത്ഭുതകരമായ ഒരു വാഗ്ദത്തം. നമ്മുടെ മദ്ധ്യേ ഭാരം വലിക്കുന്നു എന്നു തോന്നാത്തവർ ആരുണ്ട്. പലപ്പോഴുമതു ജോലിഭാരമായിരിക്കാം. ചിലപ്പോഴതു ജീവിതഭാരമായിരിക്കാം. ഇവിടെ യേശു നല്കുന്ന ഉറപ്പ് എന്നത് നാം കർത്താവിനെ അനുവദിക്കുകയാണെങ്കിൽ സർവ്വവും അറിയുന്ന ആ കർത്താവു തന്നെ നമ്മെ സഹായിക്കാനെത്തുമെന്നാണ്."

തന്റെ നുകം ഏറ്റുകൊണ്ടശേഷം, "എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു" (മത്ത ായി 11:30) എന്നു യേശു തന്നെ പറയുന്നു. മറ്റൊരുവിധം പറയുകയാണെങ്കിൽ, "അത് ഇപ്പോൾ നിങ്ങൾ വഹിക്കുന്ന നുകം എന്റെമേൽ ഇട്ടുകൊൾവിൻ" എന്നു യേശു പറയുന്നു. കാരണം എന്റേതു ചുമപ്പാൻ എളുപ്പമാണ്.

ഇവിടെ യേശു സൂചിപ്പിക്കുന്ന ആശ്വാസം എങ്ങനെ നമുക്ക് അനുഭവിക്കുവാനാകും? പാപാനന്തരം "മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും" (ഉല്പത്തി 3:19) എന്നു യേശു ആദാമിനോട് അരുളിച്ചെയ്ത അതേ ഭൂമിയിലാണു നാം ഇന്നു ജീവിക്കുന്നത്. ഇതിൽനിന്നും അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്യുക എന്നാൽ എന്തെന്നു നമുക്കു വ്യക്തമായി മനസ്സിലാക്കുവാനാകും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജൂലൈ 31 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## “ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും”

മത്തായി 11:20–28 വായിച്ചിട്ട്, “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും” എന്ന ഭാഗം ചിന്തിക്കുക. ഈ പ്രസ്താവനയുടെ സന്ദർഭം എന്താണ്? ഈ ആശ്വാസം നമുക്കു യേശു തരുന്നത് എപ്രകാരമാണ്?

ഒരു പ്രത്യേകസന്ദർഭം കൂടാതെ ഒരിക്കലും യേശു ഒന്നും തന്നെ പറഞ്ഞിട്ടില്ല. യേശുവിന്റെ പ്രസ്താവന എടുത്തു വളച്ചൊടിച്ച് തെറ്റിദ്ധാരണ പരത്താതിരിക്കേണ്ടതിനു യേശു പറഞ്ഞ സാഹചര്യം പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്.

മത്തായി എഴുതിയ സുവിശേഷത്തിൽ പതിനൊന്നാം അദ്ധ്യായം ഒരു വഴിത്തിരിവാണ്. ഗലീലയിലെ പ്രധാന നഗരങ്ങളെ ഉപേക്ഷിച്ചുകൊണ്ടുള്ള ശാസന ഇതുവരെയും സുവിശേഷത്തിൽ കേട്ടിട്ടുള്ളതിൽവെച്ച് ഏറ്റവും പരുഷമായതാണ്. സ്തുതിപാടലൊന്നും യേശു ഇഷ്ടപ്പെടുന്നില്ല. വേദന തോന്നുന്നേടത്തുതന്നെ യേശു തൊടുന്നു. സമൂഹം തള്ളിക്കളഞ്ഞിരിക്കുന്നവരുമായി യേശു ബന്ധപ്പെടുന്നു (മത്തായി 9:9–13). പാപങ്ങൾ മോചിച്ചുകൊടുപ്പാൻ എനിക്ക് അധികാരമുണ്ടെന്ന യേശുവിന്റെ അവകാശവാദം ദൈവദൂഷണമായി മതനേതാക്കൾ കാണുന്നു (മത്തായി 9:1–8).

വികാരങ്ങൾ ഉയരുകയാണ്. എന്നാലും അതിന്റെയെല്ലാം നടുവിൽ യേശു സ്വസ്ഥത പ്രഖ്യാപിക്കുന്നു. “എന്റെ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തി കൊടുപ്പാൻ ഇച്ഛിക്കുന്നവനുമല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല” (മത്തായി 11:27) എന്നു പറഞ്ഞുകൊണ്ടു പാപമോചനം കൊടുപ്പാൻ തനിക്ക് അധികാരമുണ്ടെന്നു യേശു സ്ഥാപിക്കുന്നു. തന്റെ ദിവ്യത്വവും പിതാവുമായുള്ള തന്റെ ഏകത്വവും ഒരുമിപ്പിച്ച് ആശ്വാസം കൊടുപ്പാനുള്ള തന്റെ അധികാരം യേശു ഉറപ്പിക്കുന്നു.

നമ്മുടെ ഭാരം നാം ഇറക്കിവയ്ക്കുന്നതിനുമുമ്പ് അവയെ തനിച്ചു വഹിപ്പാൻ നമുക്കാവതില്ലായെന്നു നാം ഗ്രഹിച്ചിരിക്കണം. നമ്മുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാതെ നാം ആരുംതന്നെ കടന്നുവരികയില്ല. യേശുവിന്റെ ക്ഷണത്തിനുള്ള അടിസ്ഥാനം അതാണ്.

മത്തായി 11:28 ൽ യേശുവിന്റെ പ്രസ്താവന ഗ്രീക്കുഭാഷയിൽ ഒരു അസാമാന്യ വാക്കോടുകൂടെ ആരംഭിക്കുകയാണ്. തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യമുള്ള ഒരു വാക്കാണ് “come” (വരിക എന്നർത്ഥം). സ്വസ്ഥത പ്രാപിക്കുന്നതിനുള്ള മുന്നൊരുക്കമാണത്. “വരിക” എന്നതിനർത്ഥം നാം പിടിവിട്ടുകളഞ്ഞിട്ടു വരണമെന്നാണ്. നമുക്കു ധാരാളം കാര്യങ്ങൾ സൗകര്യപ്രദമായി ചെയ്വാൻ കഴിയുന്ന “സ്മാർട്ടുഫോണു”കളുള്ള ഇക്കാലത്തു യേശുവിങ്കലേക്കു വരുന്ന വഴി സ്വാഭാവികമായതല്ല. യഥാർത്ഥത്തിൽ അനേകർക്കും ഇക്കാലത്തു സമർപ്പണമെന്നതു ക്രിസ്തീയ ജീവിത്തിൽ കാഠിന്യമേറിയതാണ്.

നിങ്ങൾ വഹിക്കുന്ന ഭാരങ്ങൾ എന്തൊക്കെയാണ്? വലിയവില യേശു കൊടുത്തു വാങ്ങിയ സ്വസ്ഥത നാമും അനുഭവിക്കുന്ന അവസ്ഥ നമുക്കുണ്ടാകുവാൻ നാം പഠിക്കേണ്ടതെന്താണ്?

## "എന്റെ നുകം ഏറ്റുകൊണ്ട്"

മത്തായി 11:29,30 വായിക്കുക. നമ്മുടെ ഭാരങ്ങൾ യേശുവിൽ വെച്ചശേഷം നാം സ്വസ്ഥത അനുഭവിപ്പാൻ തന്റെ നുകം ഏറ്റുകൊള്ളണമെന്നു യേശു ഉടൻ തന്നെ പറയുന്നതെന്തുകൊണ്ട്?

മത്തായി 11:28 ൽ പറയുന്ന "come" (വരിക) എന്ന ആദ്യ ആജ്ഞയ്ക്കുശേഷം 11:29 ൽ "Take" (എടുക്കുക), "Learn" (പഠിക്കുക) എന്നീ രണ്ട് ആജ്ഞകൾ കൂടെ പിന്നാലെ വരുന്നുണ്ട്. കേൾവിക്കാരുടെയും വായനക്കാരുടെയും ശ്രദ്ധകൂടെ ഇതിൽ യേശു ആവശ്യപ്പെടുന്നു. നാം കർത്താവിന്റെ നുകം ഏറ്റെടുത്തു കർത്താവിനെക്കുറിച്ചു പഠിക്കേണ്ടതാണ്.

നാം കർത്താവിന്റെ നുകത്തിനു സമർപ്പിച്ചുകൊണ്ട് നമ്മുടെ ചുറ്റുമുള്ളവരുടെ അനുഗ്രഹത്തിനുവേണ്ടി കർത്താവു തരുന്ന വേല നിർവ്വഹിക്കേണ്ടതാണ്. നാം കർത്താവിന്റെ നുകം എടുക്കുകയല്ല; നമ്മൾ കർത്താവുമായി നുകത്തിൽ ബന്ധിച്ചിരിക്കുന്നു എന്നതാണ് സത്യം. കാരണം കർത്താവിന്റെ നുകം എളുപ്പമുള്ളതും ഭാരം ലഘുവുമാണ് (മത്തായി 11:30).

"എന്നോടു പഠിപ്പിൻ" എന്നുള്ള രണ്ടാമത്തെ ആജ്ഞ ഈ ആശയത്തെ വീണ്ടും ഉറപ്പിക്കുന്നു. ഗ്രീക്കുഭാഷയിൽ "Learn" (പഠിപ്പിക്കുക) എന്ന വാക്ക് "Disciple" (ശിഷ്യൻ) എന്നതിനോടു ബന്ധപ്പെട്ടിരിക്കുന്നു. യേശുവിൽനിന്നു നാം പഠിക്കുമ്പോൾ വാസ്തവത്തിൽ നാം ആ കർത്താവിന്റെ ശിഷ്യരാകുകയാണ്. അനുസരണയും സമർപ്പണവുമാണ് ശിഷ്യത്വത്തിന്റെ വിശേഷണങ്ങൾ.

"ഭാരം ചുമക്കുക" എന്നതും (മത്തായി 11:28) തന്റെ "നുകം ഏറ്റുകൊണ്ട്" (11:39) എന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്?

യെഹൂദാമതത്തിൽ നിയമത്തെ സംബന്ധിക്കുന്ന ഒരു സാധാരണ രൂപകമാണ് നുകം എന്നത്. അപ്പൊ. 15:10 അതിനെ പരിച്ഛേദനയെന്ന നിയമത്തോടു താരതമ്യപ്പെടുത്തിയിരിക്കുന്നു. അടിമനുകവുമായി അതിനെ ബന്ധിച്ചു ഗലാത്യർ 5:1 ൽ എതിർത്തുകൊണ്ടു സുവിശേഷത്തിൽക്കൂടെ യേശു നല്കുന്ന സ്വാതന്ത്ര്യത്തെ രക്ഷയ്ക്കായി എടുത്തുപറയുന്നു. യേശുവിനോടുകൂടെ നുകത്തിൽ ബന്ധിച്ചുകൊണ്ടു കർത്താവിന്റെ ദൗത്യത്തിൽ ഒത്തുചേർന്നു തന്റെ കാൽപ്പാടുകൾ പിന്തുടരുന്നതിന് അനുസരണവും സമർപ്പണവും ആവശ്യമാണ്. നമുക്കുവേണ്ടി യേശു ക്രൂശിൽ നേടിയെടുത്ത രക്ഷയോടും നമ്മുടെ വകയായി ഒന്നുംതന്നെ കൂട്ടിച്ചേർക്കുക എന്നതു നമുക്ക് ഊഹിക്കാവുന്നതുപോലുമല്ല. നമ്മുടെ ചുറ്റുമള്ളവരോട് ആ സുവിശേഷം അറിയിക്കുന്നതിനുള്ള കർത്താവിന്റെ പ്രതിനിധികളായി നമുക്കു പ്രവർത്തിക്കാവുന്നതാണ്.

"എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു" എന്ന് യേശു പറയുന്നു (മത്തായി 11:30).

എത്ര അത്ഭുതവാഗ്ദത്തം: നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം. ആ സ്വസ്ഥത എങ്ങനെ നിങ്ങൾ അനഭവിക്കുന്നു? അത് എപ്രകാരമുള്ളതാണ്? യേശുവിൽ ശ്രദ്ധ കേന്ദ്രീകരിച്ചും കർത്താവു നല്കുന്നതിൽ ആശവെച്ചുംകൊണ്ട് ആ സ്വസ്ഥത നമുക്ക് ഏതുവിധം അറിയുവാനാകും.

## "ഞാൻ സൗമ്യതയും താഴ്ചയും ഉള്ളവൻ ആകയാൽ"

സൗമ്യതയെന്നത് ഇന്നൊരു വിലയില്ലാത്ത നിലവാരമായി മാറിയിരിക്കുന്നു. വിനയത്തെ പുച്ഛിച്ചുതള്ളുന്നു. ബഹളമയമായ ശബ്ദവും അമാനുഷിക വന്യപ്രകടനങ്ങളും ശ്രദ്ധിക്കപ്പെടുവാൻ ഇന്നു സാമൂഹ്യമാധ്യമങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ദൈവം അമിതവില കല്പിക്കുന്ന മാനദണ്ഡങ്ങൾക്കു വിപരീതമാണ് ഇന്നു ലോകദൃഷ്ടിയിൽ ശ്രദ്ധിക്കപ്പെടുന്നത്."സത്യത്തിന്റെ പരിജ്ഞാനം ആശ്രയിച്ചിരിക്കുന്നതു ബുദ്ധിശക്തിയിലല്ല. ഉദ്ദേശശുദ്ധിയിലും ആശ്രയിച്ചുനില്ക്കുന്ന വിശ്വാസത്തിലും സൗമ്യതയിലും ആത്മാർത്ഥതയിലുമാണത് നില്ക്കുന്നത്. ദിവ്യവഴികാട്ടൽ താഴ്മയോടെ അന്വേഷിക്കുന്നവർക്കു ദൈവിക ദൂതഗണം അടുക്കലുണ്ടാകും. സത്യത്തിന്റെ വിലയേറിയ നിധി അവർക്കായി തുറന്നുകിട്ടാൻ പരിശുദ്ധാത്മാവെന്ന ദാനവും ലഭ്യമാണ് COL, P. 59.

മത്തായി 5:5; 1 പത്രൊസ് 3:4; യെശ. 57:15 എന്നിവ വായിക്കുക. ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾ എങ്ങനെ സൗമ്യതയും വിനയവും നിർവ്വചിക്കും?

2 കൊരി. 10:1 ൽ ക്രിസ്തുവിന്റെ സൗമ്യതയും ശാന്തതയും പൗലൊസ് അപ്പൊസ്തലൻ വിവരിക്കുന്നു. സ്വന്തം കാലിൽ നില്ക്കാനാകാത്തവരെ തള്ളിനീക്കുന്നതാണ് സൗമ്യതയും ശാന്തതയുമെന്നു വിവരിക്കുന്നുവരുമുണ്ട്. തന്റെ ദൗത്യം അതുവരെയും നിറവേറാതിരുന്നതിനാൽ ഒരു മത്സരത്തിനിറങ്ങുവാൻ യേശു തന്നെയും മുതിർന്നിരുന്നില്ല (യോഹ. 4:1–3). കർത്താവിന് എതിർപ്പു നേരിട്ട സമയം ധൈര്യത്തോടെ യേശു അഭിമുഖീകരിച്ചു. പക്ഷേ അതേ സമയം വളരെ ദയവോടെയായിരുന്നു സംസാരമെല്ലാം. ക്രൂശീകരണത്തിനുമുമ്പുതന്നെ ഭാവിയിൽ യെരൂശലേമിനു വരാനിരിക്കുന്ന നാശത്തെ മുന്നിൽ കണ്ട കർത്താവ് അവരുടെ മേൽ ശാപവാക്കുകളൊന്നും പറയാതെ ആ വിനാശത്തെയോർത്തു കണ്ണീരൊഴുക്കുകയായിരുന്നു (ലൂക്കൊസ് 19:41–44).

രണ്ടാം മോശെയായി പുതിയനിയമത്തിൽ പലേടത്തും യേശുവിനെ ചിത്രീകരിച്ചിട്ടുണ്ട്. തന്റെ രാജ്യത്തെ സംബന്ധിക്കുന്ന തത്വങ്ങൾ ഉര ചെയ്യുന്നേരം മലമുകളിൽ നിന്നുകൊണ്ടതു ചെയ്യുന്നതായി കാണാം (മത്തായി 5:1). വലിയ ജനക്കൂട്ടത്തിന് അത്ഭുതകരമായി ഭക്ഷണം കൊടുക്കുന്നു (മത്തായി 14:13–21). സംഖ്യാ 12:3 ൽ മോശെയെ സൗമ്യനെന്നു പറഞ്ഞിരിക്കുന്നതു മത്തായി 11:29 ൽ യേശുവിൻമേലും പ്രതിധ്വനിക്കുന്നു. അയ്യായിരം പേർ ഭക്ഷിച്ചു തൃപ്തരായപ്പോൾ സാക്ഷികളായവർ പറഞ്ഞത്: "ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം" എന്നാണ് (യോഹ. 6:14). മോശെയുടെ പ്രവാചകദൗത്യത്തിന്റെ ഭാഗമായി ആവ. 18:15 ഇവിടെ എടുത്തുപറയുന്നു.

നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നവനെ അല്ല, നമ്മുടെ പാപങ്ങൾക്കു പകരക്കാരനായ രക്ഷകനെയാണു നമുക്കുവേണ്ടത്. മദ്ധ്യസ്ഥതയെന്നതു പ്രധാനപ്പെട്ടതുതന്നെയെങ്കിലും നമ്മുടെ പാപം വഹിച്ചുകൊണ്ടു ക്രൂശിൽ തൂങ്ങുന്നതു നമ്മുടെ ദൈവമാണ്. നമ്മുടെ സകല പാപകുറ്റവും ദൈവം തന്റെമേൽ വഹിച്ചു. നമ്മുടെ മേൽ വരാമായിരുന്ന പാപത്തിന്റേതായ സകലപരിണിതഫലങ്ങളും ദൈവം തന്നെ തന്റെമേൽ വഹിച്ചു. യേശു കർത്താവു നമുക്ക് എത്ര പരമോന്നതനെന്നുള്ളതു തന്നെ. ക്രൂശും ഉയിർപ്പും ഇല്ലായെങ്കിൽ മറ്റെല്ലാം ശൂന്യം.

## എന്റെ നുകം മൃദു

ഇവിടെ എന്റെ "നുകം" എന്നു മത്തായി ഉപയോഗിക്കുന്നതു യെഹൂദാമതം ഈ വാക്ക് ഉപയോഗിക്കുന്ന രീതിയും നിയമത്തെ തെറ്റായി ധരിച്ചുകൊണ്ട് ഇതര പുതിയനിയമഭാഗങ്ങളിൽ വിവരിച്ചിരിക്കുന്നതും എന്താണെന്നു നാം മുമ്പു കണ്ടുകഴിഞ്ഞതാണ്.

മത്തായി 11:30 ൽ "easy" (മൃദു) എന്നു കാണുന്നതിന്റെ ഗ്രീക്കുവാക്ക് "good" (നല്ലത്) "pleasant" (ആഹ്ലാദകരം) "useful" (പ്രയോജനകരം) "benevolent (ഉദാരഗുണം) എന്നൊക്കെ അർത്ഥം വരുന്നതാണ്. നമുക്കുചുറ്റും അനേകർ ദൈവിക നിയമത്തെ ഒതുക്കമില്ലാത്ത ഭാരമെന്നു ചിന്തിക്കുന്നുണ്ട്. അനുസരിപ്പാൻ പ്രയാസമെന്നും വേണ്ടാത്തതെന്നുമൊക്കെ അതിനെപ്പറ്റി പറയുന്നുമുണ്ട്. നിയമത്തിന്റെ സൗന്ദര്യം ഗ്രഹിച്ചു നിയമദാതാവിന്റെ സ്നേഹത്തെയവർ കാണുന്നതിന് അവരെ നമുക്കെങ്ങനെ സഹായിക്കാം?

കുഞ്ഞ് ആദ്യചുവടുവയ്ക്കുമ്പോൾത്തന്നെ മാതാപിതാക്കൾ അത്ഓർമ്മയിൽ വയ്ക്കും. കുലുങ്ങിക്കുലുങ്ങി രണ്ടു രണ്ടുമൂന്നു ചുവടുകൾ വയ്ക്കുമ്പോൾത്തന്നെ കുഞ്ഞു വീഴും. ചിലപ്പോൾ കുഞ്ഞു കരയും. ചിലപ്പോൾ അതിനു ചെറിയ മുറിവുകൾ പറ്റിയെന്നിരിക്കും. ചലിക്കുവാനുള്ള സ്വാതന്ത്ര്യം കിട്ടിക്കഴിയുമ്പോൾ കുഞ്ഞ് എഴുന്നേറ്റു വീണ്ടും ശ്രമിക്കും ചുവടുവയ്ക്കും. വീഴും, പിന്നെയും ചുവടുവയ്ക്കും, എഴുന്നേല്ക്കും. ഓടിനടക്കാറാകുന്നതുവരെ ശ്രമം തുടരും. വീഴാതെ ചുവടുവയ്ക്കാമെന്നാകുമ്പോൾ "പപ്പാ, മമ്മാ, ഞാൻ നടക്കുന്നതു കണ്ടോ"യെന്നു സന്തോഷത്തോടെ പറയും.

യേശുവിനോടൊത്തു നടക്കുന്നത് എല്ലായ്പ്പോഴും എളുപ്പമല്ലായെങ്കിലും അങ്ങനെ നടക്കുന്നത് എപ്പോഴും നല്ലതും ശരിയായതുമാണ്. നാം വിറകൊള്ളും, വീണെന്നിരിക്കും എന്നാലും നമുക്കെണീറ്റു കർത്താവിന്റെ പാർശ്വത്തിൽനിന്നുകൊണ്ട് നടകൊള്ളാം.

ഗലാ. 5:1 ൽ പൗലൊസ് ഇങ്ങനെ എഴുതിയിരിക്കുന്നു: "സ്വാതന്ത്ര്യത്തിന്നായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറെച്ചുനില്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്" എന്താണിതിനർത്ഥം? ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയതെങ്ങനെയാണ്? നാം വഹിക്കേണ്ടതായ നുകത്തെക്കുറിച്ചു ക്രിസ്തു പറയുന്നതും പൗലൊസ് നമുക്കു മുന്നറിയിപ്പു തരുന്ന "അടിമനുകവും" തമ്മിലുള്ള വ്യത്യാസം എന്താണ്?

ഇവിടെ "അടിമനുക"മെന്നു പൗലൊസ് മുന്നറിയിപ്പു തരുന്നതു ദൈവത്തിന്റെ പത്തുകല്പനയായ നിയമത്തെക്കുറിച്ചല്ലായെന്നതു വ്യക്തമാണ്. നമ്മുടെ നിത്യ രക്ഷകർത്താവ് ഉറപ്പാക്കിയെന്നു വിശ്വാസത്തിൽക്കൂടെ നാം അനുസരിച്ചുകൊണ്ടു ക്രിസ്തുവിന്റെ നീതിയാൽ നാം നിറയപ്പെടാനും സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ സ്വസ്ഥത നാം പ്രാപിപ്പാനും തന്നേ.

ദൈവനിയമം അനുസരിച്ചുജീവിക്കുന്നത്, അനുസരിക്കാതിരിക്കുന്നതിനെക്കാൾ കൂടുതൽ സ്വസ്ഥതക്കു ഹേതുവായിരിക്കുന്നതെന്തുകൊണ്ട്?

## "എന്റെ ചുമടു ലഘു"

മത്തായി 11:30 ലെ യേശുവിന്റെ അവസാന പ്രസ്താവന ഒരു ഭാരം ചുമക്കുന്നതിന്റെ ഭാവന തരുന്നുണ്ട്. "എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു."

ഇസ്രായേല്യർ മിസ്രയീം വിട്ടു ചെങ്കടൽ കടന്നശേഷം തന്റെ അമ്മായിയപ്പനായ യിത്രോ വരുന്നുണ്ടെന്ന് അറിഞ്ഞ മോശെ വളരെ സന്തോഷിച്ചു. പുറ. 18:22 വായിക്കുക. ഈ കഥയിൽ മറ്റൊരാളിന്റെ ഭാരംകൂടെ ചുമക്കുന്നതിനെപ്പറ്റി എന്തുപറയുന്നു?

ന്യായപാലനത്തിനായി രാവിലെ തുടങ്ങി വൈകുന്നേരം വരെ ജനം മോശെയുടെ മുമ്പിൽ കൂടിനിന്നിരുന്നുവെന്നു പുറ. 18:13 പറയുന്നു. മോശെയുടെ അമ്മായിയപ്പൻ ഇതുകണ്ടപ്പോൾ ചെറിയകാര്യങ്ങളിൽ ന്യായം തീർപ്പാക്കാൻ മറ്റുള്ളവരെ തിരഞ്ഞെടുത്ത് ഉപയോഗിപ്പാനും വൻകാര്യങ്ങൾ മോശെതന്നെ കൈകാര്യം ചെയ്‌വാനും യിത്രോ ആത്മാർത്ഥമായി മരുമകനെ ഉപദേശിച്ചു. ജീവദായകമായ ഈ പ്രവൃത്തി ചെയ്‌വാനും മോശെ ഉടനെ തുടങ്ങിയെന്നു തിരുവെഴുത്തു പറയുന്നു.

തന്റെ ചുമടു ലഘുവെന്നു യേശു പറയുന്നതു നമ്മുടെ ഭാരം വഹിക്കുന്നവനായ ആ കർത്താവിനെ വിശ്വാസത്തിലെടുത്തു തന്നിൽ ആശ്രയം അർപ്പിക്കാനാണ്. തന്റെ ഭാരം ലഘൂകരിക്കാൻ മറ്റുള്ളവർ ആവശ്യമാണെന്ന് അംഗീകരിച്ച മോശെയെപ്പോലെ നാമും അതു ചെയ്‌വാൻ നമ്മോടും ആവശ്യപ്പെടുന്നു. ഇങ്ങനെ പലരായി വഹിക്കുന്ന ഭാരം എപ്രകാരമായിരിക്കുമെന്നു 1 കൊരി. 12:12–26 ഭാഗത്തു പലരായ നാം ക്രിസ്തുവെന്ന ശരീരത്തിന്റെ അവയവങ്ങളെന്ന ഭാവനയിൽ പൗലൊസ് വിഭാവന ചെയ്യുന്നു. ഏതു ഭാരം വഹിപ്പാനും പ്രവർത്തിക്കാവുന്ന തരമുള്ള ശരീരം ആവശ്യമാണ്. എപ്രകാരമുള്ള ഭാരം എടുപ്പാനും കാലുകളും കൈകളും ചുമലുകളും പേശികളും ഞരമ്പുകളുമൊക്കെയായി പലതും ആവശ്യമുണ്ട്.

ഗലാ. 6:2 വായിക്കുക. പരസ്പരം ഭാരം വഹിക്കുന്നതു ക്രിസ്തുവിന്റെ നിയമം പൂർത്തീകരിക്കുന്നതിനു സഹായിക്കുന്നത് എപ്രകാരമാണ്?

ഈ വേദഭാഗത്തിന്റെ സന്ദർഭം നമുക്ക് ചില സഹായങ്ങൾ തരുന്നുണ്ട്. ഗലാ. 6:1 ൽ പൗലൊസ് പറയുന്നതു നമ്മുടെ ഒരു സഹോദരനോ സഹോദരിയോ പരീക്ഷയിൽ അകപ്പെടുന്നതു കണ്ടാൽ ആ വ്യക്തിയെ നാം സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തണമെന്നാണ്. മത്തായി 11:29 ൽ യേശു സൗമ്യനാണെന്നുള്ള തന്റെ അവകാശവാദം ശ്രദ്ധിക്കുക. ഭാരം വഹിക്കുക എന്നതിനർത്ഥം വഴിവിട്ട് ഓടുന്ന ഒരാൾ സ്വർഗ്ഗീയ കൃപ കണ്ടെത്തി ശരിയായ വഴിയിൽ വീണ്ടും കടന്നുവരുവാൻ സഹായിക്കുകയെന്നാണ്. നമ്മളോ അവരോ കഷ്ടപ്പാടു നേരിടുമ്പോൾ പരസ്പരം സഹായിക്കുന്നതിനെയും ഇത് അർത്ഥമാക്കുന്നു. ഭാരം പങ്കിടുക എന്നതു ദിവ്യപ്രേരണയിലുള്ള  ഒരു പ്രവർത്തനമാണെന്നും അതിന് അനുകമ്പയും സൗമ്യതയും ആവശ്യമാണെന്നും  നാം ഗ്രഹിച്ചിരിക്കണം.

ഭാരം ചുമന്നു പ്രതികൂലതയിലായിരുന്ന നിങ്ങളെ ഈ അടുത്ത സമയത്തുതന്നെ ആരെങ്കിലും സഹായിച്ചത് ഓർമ്മിക്കുക. അതു നിങ്ങൾക്ക് എന്തു മനസ്സിലാക്കിച്ചു തരുന്നു? ഇപ്പോൾ ആരുടെ ഭാരം വഹിക്കേണ്ടതിനു നിങ്ങൾക്കു സഹായം നൽകുവാനാകും?

## കൂടുതൽ ആശയങ്ങൾ:

"നിങ്ങളുടെ വേല അതികഠിനമായി തോന്നുകയോ പ്രയാസങ്ങളും പരീക്ഷകളും നേരിടേണ്ടിവരുമ്പോൾ പരാതിപ്പെടുകയോ പരീക്ഷകളെ നേരിടേണ്ടതിനു ശക്തിയില്ലായെന്നോ ക്ഷമാശീലം നഷ്ടപ്പെടുന്നെന്നോ ക്രിസ്തീയ ജീവിതമെന്നതു കയറ്റം കയറുംപോലെയാണെന്നോ ഒക്കെ നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ ക്രിസ്തുവിന്റെ നുകമല്ലോ നിങ്ങൾ വഹിക്കുന്നതെന്ന് ഓർത്തുകൊള്ളുക. മറ്റൊരു ഗുരുവിന്റെ നുകമാണ് നിങ്ങൾ ചുമക്കുന്നത്" Child Guidence, P. 267.

"തുടർച്ചയായുള്ള ജാഗ്രതയും ആത്മാർത്ഥതയും സ്നേഹവും നിറഞ്ഞ ധ്യാനവും ഒരു വ്യക്തിക്കുണ്ടാകുന്നതു വിശ്വാസത്തോടെ ദൈവശക്തി ഗ്രഹിച്ചു മുന്നേറുമ്പോഴാണ്. നമ്മൾ ദൈവകൃപയ്ക്കു യോഗ്യരെന്നു നമ്മെക്കുറിച്ചു പറവാൻ നമുക്കു യാതൊന്നും തന്നെ ചെയ്വാനാകയില്ല. നാം നമ്മിലോ നമ്മുടെ സൽപ്രവൃത്തികളിലോ ഒരിക്കലും ആശ്രയം വയ്ക്കരുത്. തെറ്റിൽ വീഴാവുന്ന പാപികളെന്ന നിലയിൽ നാം ക്രിസ്തുവിലേക്ക് അടുത്തുവരുമ്പോൾ തന്റെ സ്നേഹത്തിൽ സ്വസ്ഥത അനുഭവിക്കും. ക്രൂശീകരിക്കപ്പെട്ട രക്ഷകനിൽ ആശ്രയം കണ്ടുകൊണ്ടു വിശ്വാസത്തിൽ കടന്നുവരുന്ന ആരെയും ദൈവം സ്വീകരിക്കും. ഹൃദയത്തിൽ സ്നേഹം തളിരിട്ടു വരും. അതിൽ ആനന്ദ ലഹരി ഒന്നുമില്ലായെങ്കിലും ക്രിസ്തുവിൽ നിലനില്ക്കുന്നതിലുള്ള സമാധാന പ്രത്യാശ തളിരിട്ടുവളരും. ഓരോ ഭാരവും വളരെ ലഘുവായി തോന്നും; ക്രിസ്തു നല്കുന്ന നുകം ഏറ്റവും മൃദുവായിത്തീരും. ചുതലകൾ ആനന്ദപ്രദവും ത്യാഗം സന്തോഷകരവുമാകും. മുമ്പ് ഇരുളടഞ്ഞതായി തോന്നിയിരുന്ന പാതകൾ ഇപ്പോൾ നീതിസൂര്യന്റെ കിരണങ്ങളാൽ പ്രകാശിച്ചു തുടങ്ങും. ക്രിസ്തുവെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ വെളിച്ചത്തിൽ നടക്കുന്നതുതന്നെയാണിത്" Faith and works, PP, 38, 39.

## ചർച്ചാചോദ്യങ്ങൾ

1. ക്രിസ്തുവിനോടുകൂടെയുള്ള നടത്തത്തിൽ നിങ്ങൾ എപ്പോഴെങ്കിലും പൂർണ്ണമായി സമർപ്പണം ചെയ്ത ഓർമ്മയുണ്ടോ? ഇതു ക്ലാസ്സിൽ പങ്കിട്ടു സമർപ്പണത്തിനുണ്ടായ കാരണവും കൂടെ ശ്രദ്ധാകേന്ദ്രമാക്കുക.
2. മത്തായി 11:25 – 27 ൽ കാണുന്ന യേശുവിന്റെ പ്രാർത്ഥന ചിന്തയ്ക്കെടുത്ത് ഇതിൽനിന്നു നിങ്ങൾ അറിവും കൃപയും എങ്ങനെ പ്രാപിക്കുമെന്നു ചർച്ച ചെയ്യുക. എന്തുകൊണ്ടു ദൈവം ഇക്കാര്യം (രക്ഷാപദ്ധതി) ജ്ഞാനികളിലും ശ്രേഷ്ഠന്മാരിലും നിന്നകറ്റി ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നു?
3. തങ്ങളുടെ ഭാരങ്ങളിൽ ഞെരുങ്ങി ബുദ്ധിമുട്ടുന്നവർ പ്രായോഗികരീതിയിൽ തങ്ങൾക്കുള്ള സ്വസ്ഥത യേശുവിൽ എങ്ങനെ കണ്ടെത്താമെന്ന് അവർക്കെങ്ങനെ മനസ്സിലാക്കിച്ചുകൊടുക്കാം?
4. "ഹൃദയത്തിൽ സൗമ്യതയും താഴ്മയും" എന്ന ആശയം കൂടുതൽ ചിന്താവിഷയമാക്കുക, ഇത് ഒരു മനുഷ്യന്റെ സ്വയബഹുമതിക്കു കോട്ടം വരുത്തുന്നതല്ലേ? സ്വയസംശയത്തിൽ കുടുങ്ങി ബുദ്ധിമുട്ടുന്നവർ തങ്ങളെപ്പറ്റി നന്മയായതു ചിന്തിച്ചുകൂടായോ? "സൗമ്യതയും താഴ്മയും" എന്നതിൽ യേശു അർത്ഥമാക്കുന്നതു ക്രൂശിന്റെ നിഴലിൽ നാം എങ്ങനെ ഗ്രഹിക്കും? നല്ല ഗുണങ്ങളായ സൗമ്യതയും താഴ്മയും നമുക്കുണ്ടാകേണ്ടതിനു ക്രൂശിന്റെ സാന്നിദ്ധ്യം നമ്മെ എങ്ങനെ സഹായിക്കുന്നു?